(ഡി) ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ പ്രഖ്യാപിത നിലപാട് എന്താണ്; അതിന് അനുസൃതമായിട്ടാണോ കെ.എസ്.ആർ.ടി.സി. യിൽ നിയമനം നടത്തുന്നത്;

(ഇ) ഇപ്പോൾ കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. വഴിയല്ലാതെ നിയമനം ലഭിച്ച എത്ര പേർ താൽക്കാലികമായി ജോലി നോക്കിവരുന്നുണ്ട്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ.എസ്.ആർ.ടി.സി. യിൽ നിലവിലുള്ള എല്ലാ സർവ്വീസുകളും നടത്തുന്നതിനാവശ്യമായ ജീവനക്കാരുണ്ട്. സ്റ്റാഫിന്റെ അഭാവംമൂലം സർവ്വീസുകൾ നടക്കാതിരുന്നത് വളരെ വിരളമാണ്.

(ബി) ഇപ്പോൾ കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാരുടെ ഒഴിവുകളില്ല.

(സി) പി.എസ്.സി. ലിസ്റ്റിൽ നിന്ന് താൽക്കാലിക നിയമനം നടത്തുന്നുണ്ട്.

(ഡി) സർക്കാരിന്റെ നിലവിലുള്ള നയങ്ങൾക്കും, നിയമനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായാണ് നിയമനം നടത്തുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഡിപ്പോകളിലുമായി വിവിധ തസ്തികകളിൽ പി.എസ്.സി. വഴി അല്ലാതെ ഏകദേശം 6000 താൽക്കാലിക ജീവനക്കാർ ജോലി ചെയ്തു വരുന്നു.

കൈത്തറി തൊഴിലാളികൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ

*28 [118] ശ്രീ. സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കായി നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) ഇവർക്ക് കിട്ടുന്ന ദിവസക്കൂലി നിജപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു വർഷത്തിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഇവർക്ക് ലഭ്യമാക്കുന്നുണ്ട്;

(ഡി) തൊഴിൽ ദിനങ്ങൾ കൂടുതൽ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വീട്, പണിശാല എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. കേന്ദ്ര സർക്കാരിന്റെ ഹെൽത്ത് പാക്കേജ് സ്കീം പ്രകാരം കൈത്തറി തൊഴിലാളികൾക്ക് ചികിൽസയ്ക്കും കണ്ണട വാങ്ങുന്നതിനും ധനസഹായം, പ്രസവാനുകൂല്യം, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ഇവ കൂടാതെ കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം, ഇൻഷ്വറൻസ് സ്കീം എന്നിവയും തൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികളാണ്. കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ അംഗത്വം ലഭിച്ചിട്ടുള്ള തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ, എക്സ്ഗ്രേഷ്യ, സാമ്പത്തിക സഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ ഗ്രാന്റ്, ജില്ലാ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, മരണപ്പെട്ട അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണപ്പെട്ട അംഗത്തിന്റെ അംശാദായം തിരിച്ചു നൽകൽ എന്നീ ക്ഷേമപദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) തൊഴിലാളി പ്രതിനിധികളും ഉൽപ്പാദകരും ചർച്ച ചെയ്ത് നിശ്ചയിക്കപ്പെട്ടിട്ടുള്ള കൂലി നിരക്കാണ് ഓരോ പ്രദേശത്തും നിലനിർത്തിയിട്ടുള്ളത്.

(സി) ഒരു വർഷത്തിൽ ശരാശരി നൂറ് ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതായി കണക്കാക്കുന്നു.

(ഡി) വിപണിക്ക് അനുയോജ്യമായ വസ്ത്രങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ചു കൊണ്ട് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ ബാങ്കുകളിലെ നിഷ്ക്രിയ ആസ്തിയും കിട്ടാക്കടവും

*29 [119] ശ്രീ. എൻ. ശക്തൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2003-ലെ കണക്ക് പ്രകാരം സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി എന്തുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly